# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3702** 15/05/2017 -ൽ മറുപടിയ്ക്ക്

**<u>എസ്.എസ്.എൽ.സി പരീക്ഷക്ക് പുന:പരീക്ഷ നടത്തേണ്ട സാഹചര്യം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.എം.ഉമ്മർ : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി പരീക്ഷക്ക് പുന:പരീക്ഷ നടത്തേണ്ട സാഹചര്യത്തെ സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) 20.03.2017 ൽ നടന്ന എസ് എസ് എൽ സി ഗണിതശാസ്ത്രം പരീക്ഷ ചോദ്യപേപ്പറിലെ ചില ചോദ്യങ്ങൾക്ക് ഒരു സ്വകാര്യ സ്ഥാപനം നടത്തിയ മോഡൽ പരീക്ഷയുടെ ചോദ്യ പേപ്പറുമായി സാമ്യമുണ്ടെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ പരീക്ഷ റദ്ദ് ചെയ്യുകയും 30.03.2017 ന് പുന:പരീക്ഷ നടത്തുകയുമുണ്ടായി. ഇതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ സെക്രട്ടറി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) ഭാവിയിൽ ഇത്തരം പ്രധാനപ്പെട്ട പരീക്ഷകൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ബി) മുൻകരുതലുകൾ സ്വീകരിക്കുന്നത് സംബന്ധിച്ച മാറ്റങ്ങൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ